# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 226

05/05/2017-ൽ മറുപടിയ്ക്ക്.

## ഗുണനിലവാരമില്ലാത്ത കവർപാൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ .തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർപാൽ ബ്രാൻഡുകളിൽ വലിയൊരു പങ്ക് ഗുണനിലവാരമില്ലാത്തതാണെന്ന് ക്ഷീര വികസന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ചില പാക്കറ്റ് പാലുകളിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ലെന്ന് കണ്ടെത്തിയിരുന്നു. |
| (ബി) പാലിന്റെ ഗുണനിലവാരം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുവാനുള്ള അധികാരം നിലവിൽ ആർക്കാണ്; | (ബി) 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ് പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ആണ് നിലവിൽ പാലിന്റെ ഗുണനിലവാരം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം. |
| (സി) ഒന്നിലേറെ തവണ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട ബ്രാന്റുകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ ; | (സി) **ക്ഷീരവികസനവകുപ്പ്**<br>ഒന്നിലേറെ തവണ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട ബ്രാന്റുകൾ ചുവടെ ചേർക്കുന്നു - PDDP, Malanadu, Vagamon, Gopika, Sakthi, Milco, A-One, Omgo, Cowma, Amrutha, Ksheera, Jeeva, Ambadi, Hilma.<br>**ഭക്ഷ്യസുരക്ഷാവകുപ്പ്**<br>ഒന്നിലേറെ തവണ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട ബ്രാൻഡുകൾ ഇല്ല. |

(ഡി) ഇത്തരം ബ്രാന്റുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ക്ഷീര വികസന വകുപ്പ് രേഖാമൂലം ബന്ധപ്പെട്ടവർക്ക് കത്തയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ?

(ഡി) 2011-ൽ ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് ആക്റ്റ് പ്രാബല്യത്തിൽ വന്നതിന് ശേഷം പാലിന്റെ ഗുണനിലവാരം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിൽ നിക്ഷിപ്തമല്ലാത്തതിനാൽ ക്ഷീരവികസന വകുപ്പ് സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ എടുത്ത് പരിശോധിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ടവർക്ക് കത്ത് അയച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ